പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

03.12.2018-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1231

## കോതമംഗലം മണ്ഡലത്തിലെ മണിക്കിണർ പാലം

| ചോദ്യം<br>ശ്രീ.ആന്റണി ജോൺ : | മറുപടി<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) കോതമംഗലം മണ്ഡലത്തിൽ പല്ലാരിമംഗലം പഞ്ചായത്തിൽ കൂവളളൂർ - പൈമറ്റം പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന കൂവളളൂർ മണിക്കിണർ പാലത്തിന്റെ നിർമ്മാണവു മായി ബന്ധപ്പെട്ട് ഇലക്ഷൻ പെരുമാറ്റ ചട്ടത്തിന്റെ ഭാഗമായി താല്ക്കാലികമായി തീർപ്പാക്കിയ 365/D1/PWD/16 എന്ന ഫയലിൽ തുടർനടപടി സ്വീകരിച്ചി ട്ടുണ്ടോ; വിശദമാക്കാമോ; | (എ) PWD-D1/365/PWD/2016 നമ്പർ ഫയലിൽ കൈകാര്യം ചെയ്തിരുന്ന കോതമംഗലം മണ്ഡലത്തിലെ മണിക്കിണർ പാലം നിർമ്മാണം സംബന്ധിച്ച പ്രൊപ്പോസൽ 2016-ൽ ഇലക്ഷൻ പെരുമാറ്റ ചട്ടത്തിന്റെ ഭാഗമായി താൽക്കാലികമായി തീർപ്പാക്കുകയും ആവശ്യമെങ്കിൽ പിന്നീട് പ്രൊപ്പോസൽ നൽകുവാൻ നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട് പുതുതായി പ്രൊപ്പോസൽ ഒന്നും തന്നെ സർക്കാരിൽ ലഭ്യമായിട്ടില്ല. 2011-12 വർഷത്തെ ബഡ്ജറ്റിൽ ഈ പ്രവൃത്തി ഉൾപ്പെട്ടിട്ടുണ്ടായിരുന്നു |
| (ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിന് ഇൻവെസ്റ്റിഗേഷൻ നടപടി പൂർത്തീകരിച്ച് ഡിസൈൻ തയ്യാറാക്കി യിട്ടുളളതാണെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) അതിനോടനുബന്ധിച്ച് Order No. CE/R&B/G1/Invest/9891/14 dated 12.09.2014 പ്രകാരം ഇൻവെസ്റ്റിഗേഷൻ നടത്തുകയും 07.08.2015-ൽ പ്രാഥമിക ഡിസൈൻ ലഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തി നായി 2018-19 വർഷത്തെ ബജറ്റിൽ 14 കോടി രൂപയുടെ പ്രപ്പോസൽ സമർപ്പിച്ചിട്ടുളളത് ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ;<br><br>(ഡി) പ്രസ്തുത ബജറ്റ് പ്രൊപ്പോസലിൽ ഭരണാനുമതി ലഭ്യമാക്കി പാലം നിർമ്മാണം വേഗത്തിലാക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയി ക്കാമോ? | (സി) & (ഡി) ഈ പാലം നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ 2018-19 വർഷത്തെ ബഡ്ജറ്റിൽ ഭരണാനുമതി ഇല്ലാത്ത പ്രവൃത്തികൾ Vol II Sl. No. 819 Page No. 32 പ്രകാരം 14 കോടി രൂപ അടങ്കൽ തുകയായും, 100 രൂപ 2018-19 വർഷത്തെ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷനായും ഉൾപ്പെടുത്തിയിട്ടുണ്ട്. |

S Bindu

സെക്ഷൻ ഓഫീസർ